# MATHRUBHUMI

**Kerala best place for honeymoon**

**Date :** 17.11.2019 **| Edition : All Kerala | Page :** 15 **| Clip size (cm) : W:** 7 **H:** 11


# മധുവിധു ടൂറിസം: മികച്ചത് കേരളം




ഡൽഹിയിലെ ഐ.ടി.സി. മൗര്യയിൽ നടന്ന ട്രാവൽ ആൻഡ് ലീഷർ ഇന്ത്യ 2019 പുരസ്കാര വിതരണച്ചടങ്ങിൽ ഐ.ടി.സി. ഓപ്പറേഷൻസ് വിഭാഗം വൈസ് പ്രസിഡന്റ് അനിൽ ചദ്ദ, ഹുബർട്ട് ബർദ മീഡിയ ഇന്ത്യ സി.ഇ.ഒ. ജോർജൻ റെറ്റിഗ് എന്നിവർക്കൊപ്പം പുരസ്കാരവുമായി കേരള ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ മനോജ് ടി.സി.

**തിരുവനന്തപുരം ▸** മധുവിധു ആഘോഷിക്കാനുള്ള മികച്ച ലക്ഷ്യസ്ഥാനമെന്ന അംഗീകാരം കേരള ടൂറിസത്തിന്. ട്രാവൽ ആൻഡ് ലീഷർ ഇന്ത്യ ആൻഡ് സൗത്ത് ഏഷ്യ മാഗസിന്റെ ആഭ്യന്തര വിഭാഗത്തിലാണ് പുരസ്കാരം ലഭിച്ചത്. ന്യൂഡൽഹി ഐ.ടി.സി. മൗര്യയിൽ നടന്ന ചടങ്ങിൽ കേരള ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ മനോജ് ടി.സി. പുരസ്കാരം ഏറ്റുവാങ്ങി. യുവ വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് കേരള ടൂറിസത്തിന്റെ ശ്രമങ്ങൾക്ക് ഉണർവേകുന്ന അംഗീകാരമാണിതെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു.